മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പബ്ലിക്ക് മോട്ടാർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ മിനിമംവേജസ് ക്രിപ്പ്ചെയ്തിയിട്ട ആദ്യസ്റ്റേമാസത്തിൽ ഒൻപതര മാസമായി.

(ബി) മിനിമംവേജസ് ഇൻസ്പെക്ടറന്മാരായ അസിസ്റ്റൻറ് ലേബർ കമ്മീഷണർമാർക്കും കൺസിലിയേഷൻ ആഫീസർമാർക്കും ലേബർ ആഫീസർമാർക്കും ഈ പ്രഖ്യാപനം ഉൗർജ്ജിതമായി നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

(സി) മോട്ടാർ തൊഴിലാളികൾക്കെല്ലാം മിനിമംവേജസ് ലഭിക്കുന്നുണ്ടെന്നാണറിവ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

എൻ. ഇ. എസ്. ബ്ലോക്ക്.

* 352. [50] ശ്രീ. സ്. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ എൻ. ഇ. എസ്. ബ്ലോക്കുകൾ സ്ഥാപിക്കുന്നതിനു പകരം ഇന്നുള്ളവയുടെ പ്രവർത്തനപരിധി വ്യാപിപ്പിക്കുവാനാണോ ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്;

(ബി) ഒരു എൻ. ഇ. എസ്. ബ്ലോക്കിൻെറ വിസ്തൃതി, ജനസംഖ്യ മുതലായവയ്ക്ക് എന്തെങ്കിലും പരിമിതികൾ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത്;

(ഡി) ഇന്നുള്ള എൻ. ഇ. എസ്. ബ്ലോക്കുകളുടെ പ്രവർത്തന പരിധി വിപുലമാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വൈക്കം താലൂക്കിനെ കൂടി മൂവാറ്റുപുഴ എൻ. ഇ. എസ് ബ്ലോക്കിൽപ്പെടുത്തുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ;

(ഇ) ഇല്ലെങ്കിൽ വൈക്കത്തു് ഒരു എൻ. ഇ. എസ്. കേന്ദ്രം അനുവദിക്കുവാൻ ശ്രദ്ധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) അഞ്ചോ ആറോ പൂർണ്ണ പഞ്ചായത്തുകൾ ഉൾപ്പെട്ടതും ഉദ്ദേശം ഒരുലക്ഷം ജനസംഖ്യയുള്ളതുമായ പ്രദേശമായിരിക്കണം ഒരു ബ്ലോക്കായി കണക്കാക്കുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വൈക്കം താലൂക്കിൽ എൻ. ഇ. എസ്സിൻെറ പരിധിയിൽ വരുന്നതാണ്. രണ്ടാം പഞ്ചവത്സരപദ്ധതി പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനം മുഴുവനും എൻ. ഇ. എസ് സ്ഥാപിച്ചു കഴിഞ്ഞിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly